# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3830

25.06.2013ൽ മറുപടിക്ക്.

### വ്യവസായ വികസനത്തിനായുള്ള എമർജിംഗ് കേരള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) "എമർജിംഗ് കേരള" സംരംഭത്തിലൂടെ സംസ്ഥാനത്തെ വ്യവസായ വികസനത്തിനായുള്ള ഏതെല്ലാം പദ്ധതികളാണു സമർപ്പിക്കപ്പെട്ടത്;<br><br>ബി) ഓരോ പദ്ധതികളുടെയും മുടക്കുമുതൽ എത്രയാണുദ്ദേശിച്ചിട്ടുള്ളത്;<br><br>സി) ഓരോ പദ്ധതിയുടെയും സംരഭകർ ആരാണ്;<br><br>ഡി) ഓരോ പദ്ധതിയും എവിടെ തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;<br><br>ഇ) ഓരോ പദ്ധതിക്കും എന്തെല്ലാം സൗകര്യങ്ങളാണ് നൽകേണ്ടത്; | (എ) മുതൽ (ഇ) വരെ<br>2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിങ്ങ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 176 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഈ പദ്ധതി നിർദ്ദേശങ്ങളുടെ തുടർ നടപടികൾ അതത് വകുപ്പുകളിൽ നടത്തി വരുന്നു. ഇവയിൽ വ്യവസായ വകുപ്പിനു കീഴിലുള്ള 46 പദ്ധതി നിർദ്ദേശങ്ങളിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷനും തുടർനടപടികൾ നടത്തി വരുന്നു. ഇവയിൽ 20 ൽപരം പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ഇതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| എഫ്) ഏതെല്ലാം പദ്ധതികൾക്ക് ഭൂമി വിട്ടു നൽകേണ്ടതായി വരുമെന്നു വിശദമാക്കുമോ;<br><br>ജി) അവയിൽ ഏതിനെല്ലാം സ്ഥലം വിട്ടു നൽകാമെന്നു തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (എഫ്) ഉം (ജി) ഉം<br>കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സിയുടെയും വ്യവസായ പാർക്കുകളിലാണ് ചില പദ്ധതികൾ പ്രവർത്തനം തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ചില പദ്ധതികൾ സംരംഭകർ കണ്ടെത്തിയിട്ടുള്ള സ്ഥലത്താണ് ആരംഭിക്കുന്നത്. |
| എച്ച്) "എമർജിംഗ് കേരള" യിലൂടെ വന്ന ഏതെല്ലാം പദ്ധതികൾക്ക് ഇതിനോടകം അനുമതി നൽകിക്കഴിഞ്ഞുവെന്നു വ്യക്തമാക്കുമോ? | (എച്ച്)<br>കൊച്ചി റിഫൈനറിയുടെ വികസന പദ്ധതിക്കു തുടക്കമായി. ബി.പി.സി.എൽ കൊച്ചി റിഫൈനറിയുടെ വിപുലീകരണത്തിന് 12,000/- കോടി രൂപയും ബി.പി.സി.എൽ കൊച്ചിൻ റിഫൈനറിയും, കൊറിയൻ കമ്പനിയായ എൽ.ജി. |

കെമിക്കൽസും ചേർന്ന് നടത്താനുദ്ദേശിക്കുന്ന സംയുക്ത സംരംഭത്തിന് 6000 കോടി രൂപ മുതൽ മുടക്കുമാണ് പ്രതീക്ഷിക്കുന്നത്. ഈ സംയുക്ത സംരംഭത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ടൂറിസം വകുപ്പിന്റെ സീപ്ലെയിൻ പദ്ധതി പ്രവർത്തനം ആരംഭിച്ചു.

കൊച്ചിയിലെ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ, കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ചു നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോമോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തന പുരോഗതി നേടിയ പ്രധാന പദ്ധതികളാണ്.

ഭക്ഷ്യ സംസ്കരണം, കെട്ടിട നിർമ്മാണ മേഖലയിലെ പ്രീകാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബയോ-മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം, HDPE സ്റ്റോറേജ് ടാങ്കുകളുടെ നിർമ്മാണം, സോളാർ പാനലുകളുടെ നിർമ്മാണം മുതലായ പദ്ധതികളിലെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിനു കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും ഓരോ തലങ്ങളിലായി പുരോഗമിച്ചു വരികയാണ്.

തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ്. മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലീയറൻസ് പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ ഘട്ടങ്ങളിലാണ്.

സെക്ഷൻ ഓഫീസർ

## EMERGING KERALA 2012 - PROJECTS UNDER INDUSTRIES DEPARTMENT ~~[illegible]~~

| Sl.No. | PROJECT | Location | Indicative Cost (Rs. Crores) |
|---|---|---|---|
| 1 | Petrochemical JV Projects of BPCL | Ambalamugal, Kochi | 6000.00 |
| 2 | Poly Iso Butylene (PIB) Project | Ambalamugal, Kochi | 100.00 |
| 3 | Cumene Plant | Kochi | 220.00 |
| 4 | Eco-friendly Gypsum based new generation building material manufacturing unit | Edayar, Kochi<br>or<br>Aroor, Alappuzha | 16.00 |
| 5 | Nano Biotech Special Economic Zone & Knowledge City | Thiruvalla | 1000.00 |
| 6 | Pre-cast Concrete Structure manufacturing unit | Kochi | 90.00 |
| 7 | Mini Food Park (Bio Nutra Park) | Perumbavoor, Kochi | 200.00 |
| 8 | Milk Processing Plant | Kattakkada, Trivandrum | 42.00 |
| 9 | Bio Medical Devices Hub | Life Science Park,TVM | 400.00 |

| | | | |
|---|---|---|---|
| 10 | Bio Similar Drug Manufacturing unit | Life Science Park,TVM | 130.00 |
| 11 | HDPE Storage Tank manufacturing unit | Kottayam | 9.00 |
| 12 | Pre-stressed & Pre-fabricated Housing Component | Palakkad | 25.00 |
| 13 | Manufacture of Cellulose Nano fiber | To be finalised | 15.00 |
| 14 | Automatic Concrete Block Manufacturing Unit | Kochi | 10.00 |
| 15 | Ready-to-Eat & Ready-to-Cook Food Items | Panampassery, Kochi | 12.00 |
| 16 | Mfg. unit for M-Sand & other aggregates of capacity 300TPH | Trivandrum | 51.30 |
| 17 | Solar Power based application | KINFRA Textile Centre, Nadukani, Kannur | 2.63 |
| 18 | Aluminium Extrusion, Roof sheet project | KINFRA Integrated & Textile Park, Palakkad | 100.00 |
| 19 | Dairy farm & Meat processing unit | Idukki | 16.00 |
| 20 | Animal Husbandry, Agriculture & Floriculture Farms | | 6.02 |

In addition to these, is the Rs. 12,000 Crore Integrated Refinery Expansion Project (IREP) by BPCL at Kochi Refinery. The foundation stone for IREP was laid by Hon'ble Prime Minister at Kochi on 7th January 2013.